**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1830** **15.07.2016-ൽ മറുപടിയ്ക്ക്**

# പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ

**ചോദ്യം**
**ശ്രീ.എ.എം.ആരിഫ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഐ.എ.വൈ ഉൾപ്പെടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ നിരവധി വീടുകൾ നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇപ്രകാരമുള്ള വീടുകൾ കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരവും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരവും 2007-08 മുതൽ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നൽകാൻ ബാക്കിയുള്ള ഗഡുക്കൾ പുതുക്കിയ നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. മുഴുവൻ തുകയും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അധിക സഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിലില്ല. പ്രസ്തുത |

| | | | |
|---|---|---|---|
| | | | വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധിക ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ചു നൽകിയതും 6 വർഷം കഴിഞ്ഞിട്ടും നിലവിൽ നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ